സംസ്ഥാനതലത്തിൽ അവലോകനം നടത്തി ആയവ പൂർത്തീകരിക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസുകളിൽ എഗ്രിമെന്റ് വയ്ക്കുന്ന സന്ദർഭത്തിൽ ആ സാമ്പത്തിക വർഷത്തിൽ തന്നെ വീടുപണി പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കൾക്ക് വേണ്ട നിർദ്ദേശം നൽകുന്നുണ്ട്.

(ഡി) കഴിഞ്ഞ നാലുവർഷം അനുവദിച്ചതിന്റെ 8220 വീടുകൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

കൊട്ടാരക്കര മൈലം നായാടി സമുദായാംഗങ്ങൾ

230 (5033) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ മൈലം പ്രദേശത്തെ നായാടി സമുദായാംഗങ്ങളെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സമുദായക്കാരെ ഇപ്പോൾ ഏതു ജാതി വിഭാഗത്തിൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ആരാണ് അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചത് ;

(സി) ഒരു ജാതിയെയോ വർഗ്ഗത്തെയോ പട്ടികജാതിയുടെയോ പട്ടികവർഗ്ഗത്തിന്റെയോ പട്ടികയിൽ ഉൾപ്പെടുത്താനോ ഒഴിവാക്കാനോ ഉള്ള അധികാരം ഉള്ളത് ആർക്കാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം പ്രദേശത്തെ "നായാടി" അവകാശവാദം ഉന്നയിക്കുന്നവർ യഥാർത്ഥത്തിൽ "കൊടാങ്കി നായ്ക്കൻ " സമുദായത്തിൽ ഉൾപ്പെട്ടവരാണെന്ന കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11-11-2013-ലെ G.O. (Rt) No. 1579/13/ SCS TDD പ്രകാരം ടിയാളുകളുടെ പട്ടികജാതി പദവിയും മറ്റാനുകൂല്യങ്ങളും നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ "കൊടാങ്കി നായ്ക്കൻ " സമുദായത്തെ സംസ്ഥാനത്തെ മറ്റ് പീന്നോക്ക സമുദായ (OBC) പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ശിപാർശയിന്മേൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ദേശീയ പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷൻ എന്നിവരുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും ശേഷമാണ് ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമോ യെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനമെടുക്കുന്നത്. ആയത് പാർലമെന്റിൽ അവതരിപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി സമുദായത്തെ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾ

231 (5034) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സമുദായത്തെ എസ്. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനോ, എസ്. സി. ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും സമുദായങ്ങളെ ലിസ്റ്റിൽനിന്നും നീക്കുന്നതിനോ ഉള്ള അപേക്ഷകൾ ലഭിക്കുകയോ, ആയതിനുള്ള നടപടി ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ .ഇ. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ, നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) നിരവധി സമുദായസംഘടനകൾ, സമുദായങ്ങളുടെ പിന്നോക്കാവസ്ഥ പരാമർശിച്ച് തങ്ങളെയും പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾക്കുമേൽ കിർത്താഡ്സിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത സമുദായങ്ങളൊന്നും തന്നെ "അയിത്താചാരണത്തിന്റെ ഭാഗമായി വന്നുഭവിച്ച സാമൂഹികമായ പിന്നോക്കാവസ്ഥ" അനുഭവിക്കുന്നില്ലെന്നതിനാൽ, ശിപാർശ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly